(സി) ചില ക്രമക്കേടുകൾ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. ഇത്തരം കേസ്സുകളിൽ അന്വേഷണം നടത്തി നടപടി സ്വീകരിച്ചു വരുന്നുണ്ട്.

(ഡി) അർഹരായ എല്ലാവർക്കും ഈ വർഷംതന്നെ ധനസഹായം ലഭ്യമാക്കാൻ കഴിയുകയില്ല.

(ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

മണ്ണന്തലയിൽ സ്ഥാപിക്കുന്ന അംബേദ്കർ ഭവന് അനുവദിച്ചിട്ടുള്ളസ്ഥലം

131. [131] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ചട്ടിക സമുദായ ക്ഷേമവും തുറമുഖ സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാപ്രതിഭ ശില്പി ഡോ. ബി. ആർ. അംബേദ്കറുടെ സ്മാരകമായി മണ്ണന്തലയിൽ സ്ഥാപിക്കുന്ന അംബേദ്കർ ഭവന് എത്ര സെന്റ് സ്ഥലമാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഭവനനിർമ്മാണത്തിന് എത്ര തുക മാറ്റിവച്ചിട്ടുണ്ട്;

(സി) ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ഡി) അംബേദ്കർ ഭവൻ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ക്ഷേമപ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 10 ഏക്കർ സ്ഥലം.

(ബി) ഭവനനിർമ്മാണത്തിന് 2004-2005 വർഷത്തിൽ 495 ലക്ഷം രൂപയും 2005-06-ൽ 425 ലക്ഷം രൂപയും മാറ്റിവച്ചിട്ടുണ്ട്. ഇതിൽ 495 ലക്ഷം രൂപ പി. ഡബ്ല്യു.ഡി.-ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്.

(സി) ടി സ്ഥലത്ത് ചുറ്റുമതിൽ കെട്ടുന്നതിനുള്ള 75% പണിപൂർത്തിയാക്കി പ്രധാന കെട്ടിടത്തിന്റെ ഫൗണ്ടേഷൻ പണി 30% പൂർത്തിയായി.

(ഡി) അംബേദ്കർ ഭവൻ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത് ആർട്ട് ഗ്യാലറി, ലളിത് മ്യൂസിയം, സിവിൽ സർവ്വീസസ് അക്കാഡമി എന്നിവയാണ്.